# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 500 30/06/2016-ൽ മറുപടിക്ക്

## ആദിവാസി ക്ഷേമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ :<br>ശ്രീമതി ഇ.എസ്.ബിജിമോൾ :<br>ശ്രീ.കെ. രാജൻ :<br>,, എൽദോ എബ്രഹാം : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പോഷകാഹാരക്കുറവു മൂലം സംസ്ഥാനത്ത് ആദിവാസി ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര ആദിവാസി ശിശുമരണങ്ങൾ ഉണ്ടായെന്ന് വെളിപ്പെടുത്തുമോ; | എ) | പോഷകാഹാരക്കുറവ്കൊണ്ടു മാത്രം സംസ്ഥാനത്ത് ആദിവാസി ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 106 ശിശുമരണങ്ങൾ ഉണ്ടായിട്ടുണ്ട്. |
| ബി) | ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും, ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പ്രതിമാസം 1000/- രൂപ നിരക്കിൽ ആകെ 18 മാസം ധനസഹായം നൽകിവരുന്ന ജനനീജന്മരക്ഷ പദ്ധതി, ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന ഭാരക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ, സാമൂഹ്യ ക്ഷേമ വകുപ്പ് മുഖേന ആറ് മാസം മുതൽ ആറു വയസ്സുവരെയുള്ള കുട്ടികൾക്ക് പോഷകാഹാര ലഭ്യത, കുടുംബശ്രീ, എൻ.ആർ.എൽ.എം മുഖേന കമ്മ്യൂണിറ്റി കിച്ചൻ, |

| | | | |
|---|---|---|---|
| | | | ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി പി.വി.ടി.ജി. ക്കും മറ്റു പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികളിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) | ആദിവാസികളുടെ ഇടയിൽ പട്ടിണി മൂലം ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടോ; ആദിവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) | ഇല്ല. പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ നിലവിൽ വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ, നിയമ പരിരക്ഷ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി, വീട്, മെച്ചപ്പെട്ട വിദ്യാഭ്യാസം, സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ എന്നിവ പ്രദാനം ചെയ്യുന്ന പദ്ധതികൾ, മെച്ചപ്പെട്ട തൊഴിൽദാന പദ്ധതികൾ തുടങ്ങി വ്യത്യസ്തങ്ങളും ഫലപ്രാപ്തി ലക്ഷ്യത്തോടുകൂടിയതുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ